(ഇ) പൊതു സമൂഹത്തിൽ ശാസ്ത്ര സംബന്ധമായ അറിവുകളുടെ കാര്യക്ഷമമായ വിതരണം സാധ്യമാക്കുക. ജനങ്ങളിൽ ശാസ്ത്ര ബോധവും ആഭിമുഖ്യവും വളർത്തിയെടുക്കുക എന്നതാണ് സയൻസ് സിറ്റി കൊണ്ട് ലക്ഷ്യമാക്കുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയും വികാസവും ചിത്രീകരിക്കുന്നതിനും വിവിധ ശാസ്ത്ര പഠന ശാഖകളുടെ തത്വങ്ങളെയും അടിസ്ഥാന സിദ്ധാന്തങ്ങളെയും പ്രായോഗിക രൂപത്തിൽ പരിചയപ്പെടുത്തുന്നതിനും വേണ്ടി തയ്യാറാക്കിയ വിവിധ ഗ്യാലറികൾ സ്പെയിസ് തിയേറ്റർ, സയൻസ് പാർക്ക്, സയൻസ് ലൈബ്രറി, ബൊട്ടാണിക്കൽ ഗാർഡൻ, ശാസ്ത്ര പ്രദർശന ഹാളുകൾ, വാട്ടർ തീം, സയൻസ് പാർക്ക്, ബട്ടർഫ്ലൈ പാർക്ക്, തീയ്യേറിയം, ഹൈടെക് ക്ലാസ് റൂമുകൾ, സെമിനാർ ഹാളുകൾ തുടങ്ങിയ സംവിധാനങ്ങളൊക്കെ ഒരു കുടക്കീഴിൽ യാഥാർത്ഥ്യമാക്കുന്ന ബൃഹത്തായ ഒരു പ്രദർശന നഗരിയാണ് സയൻസ് സിറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്. കോട്ടയത്ത് ശാസ്ത്ര നഗരി യാഥാർത്ഥ്യമാക്കുന്നതോടെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രാധിഷ്ഠിത വിനോദത്തിന്റെയും, ഏഷ്യയിലെ ഏറ്റവും വലിയ കേന്ദ്രമായി കോട്ടയം മാറും, ശാസ്ത്ര പ്രതിഭകൾ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കുന്ന ചർച്ചകളും സെമിനാറുകളും ഈ നഗരിയെ ശാസ്ത്രാന്വേഷികളുടെ ഒരു സംഗമ കേന്ദ്രമാക്കി മാറ്റും. ശാസ്ത്ര വിദ്യാഭ്യാസം, ടൂറിസം, തൊഴിൽ മേഖലകളിൽ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഇത് വഴിയൊരുക്കും.

സജിൻ പോളിന്റെ നിയമനം

10 (1084) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ട് വർഷങ്ങൾക്കു മുൻപ്, എം. ജി. സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം. എ. കോളേജിലെ കോമേഴ്സ് വിഭാഗം ലക്ചററായ ശ്രീ. സജിൻ പോളിന്റെ നിയമനം ഇനിയും അംഗീകരിച്ച് ഉത്തരവിറങ്ങാത്ത സാഹചര്യത്തിൽ, പ്രസ്തുത നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കോതമംഗലം എം.എ. കോളേജിൽ കോമേഴ്സ് വിഭാഗത്തിൽ അദ്ധ്യാപകനായ ശ്രീ. സജിൻപോളിന് യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിരുന്നു. എങ്കിലും നിശ്ചിത ജോലിഭാരത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിന് സർക്കാർ നിയമനാംഗീകാരം നൽകുകയുണ്ടായില്ല. ഇതിനെതിരെ അദ്ദേഹം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. സമാനമായ കേസുകളിൽ സർക്കാർ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ കേസിലും നടപടി സ്വീകരിക്കാവുന്നതാണെന്ന വിവരം അഡ്വക്കേറ്റ് ജനറലിനെ അറിയിച്ചിട്ടുണ്ട്. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly